REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-01-2026 സമയം 1.20 PM

## പ്രധാന വാർത്തകൾ

- **ഇന്ന് 16-ാമത് ദേശീയ സമ്മതിദായക ദിനം. ജനാധിപത്യത്തിന് വേണ്ടി വോട്ടവകാശം വിനിയോഗിക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **റിപ്പബ്ലിക് ദിനത്തിന്റെയും ഇന്നത്തെ ദേശീയ വോട്ടേഴ്സ് ദിനത്തിന്റെയും പ്രാധാന്യം ഓർമ്മിപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണി മൻ കി ബാത്ത്.**
- **കന്നിവോട്ട് ചെയ്യുന്ന യുവജനങ്ങളെ അഭിനന്ദിക്കാൻ പ്രധാനമന്ത്രിയുടെ ആഹ്വാനം.**
- **77-ാം റിപ്പബ്ലിക് ദിനതലേന്നാളായ ഇന്ന്, വൈകിട്ട് ഏഴിന് രാഷ്ട്രപതി ദ്രൗപതിമുർമു രാജ്യത്തെ അഭിസംബോധന ചെയ്യും.**
- **ഇന്ത്യ-ന്യൂസിലാന്റ് മൂന്നാം ട്വന്റി-20 ക്രിക്കറ്റ് മത്സരം വൈകിട്ട് ഗോഹട്ടിയിൽ.**

## വാർത്തകൾ വിശദമായി

ഇന്ന് 16-ാമത് ദേശീയ സമ്മതിദായക ദിനം. ജനാധിപത്യ രാജ്യത്ത് ഓരോ വോട്ടിന്റെയും പ്രാധാന്യം വോട്ടർമാരെ ഓർമ്മിപ്പിക്കാനും, തിരഞ്ഞെടുപ്പിലെ പങ്കാളിത്തം പ്രോത്സാഹി പ്പിക്കാനും ലക്ഷ്യമിട്ടാണ് ജനുവരി 25 ന് ദേശീയ സമ്മതിദായകദിനം ആഘോഷിക്കുന്നത്. 1950 ൽ ജനുവരി 25-ലെ ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരണത്തിന്റെ അനുസ്മരണാർത്ഥമാണ് ദിനാചരണം.

✪✪✪

ദേശീയ സമ്മതിദായക ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു എല്ലാ വോട്ടർമാർക്കും ആശംസകൾ നേർന്നു. വോട്ടവകാശം മഹത്വപൂർണമാണെന്നും എല്ലാവരും ജനാധിപത്യത്തിന് വേണ്ടി വോട്ടവകാശം വിനിയോഗിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു.

തിരഞ്ഞെടുപ്പ് കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ദിനാഘോഷ പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. 'എന്റെ ഇന്ത്യ, എന്റെ വോട്ട് ' എന്ന പ്രമേയത്തിൽ 'പൗരൻ, ഇന്ത്യൻ ജനാധിപത്യത്തിന്റെ ഹൃദയം' എന്ന് ടാഗ്‌ലൈനോടെയാണ് ദിനാചരണ പരിപാടികൾ.

പുതുതായി വോട്ടർപട്ടികയിൽ പേരുചേർത്ത യുവജനങ്ങൾക്ക് ചടങ്ങിൽ ഫോട്ടോ തിരിച്ചറിയൽ കാർഡ് രാഷ്ട്രപതി കൈമാറി. മികച്ച വോട്ടർ ബോധവത്ക്കരണ പ്രവർത്തനങ്ങൾ കാഴ്ചവെച്ചവർക്ക് ദ്രൗപതി മുർമു പുരസ്കാരം സമ്മാനിക്കും.

റേഡിയോ വിഭാഗത്തിൽ ആകാശവാണി ന്യൂസ് സർവീസസ് ഡിവിഷനാണ് മാധ്യമപുരസ്കാരം. സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം, തിരഞ്ഞെടുപ്പ് നടത്തിപ്പ്, ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നീ വിഭാഗങ്ങളിലും പുരസ്കാരങ്ങൾ വിതരണം ചെയ്യും.

സാങ്കേതികവിദ്യയെ കാര്യക്ഷമമായി വിനിയോഗിച്ച് തെരഞ്ഞെടുപ്പ് പ്രക്രിയ സുതാര്യമാക്കിയതിന് മികച്ച ഇലക്ഷൻ ജില്ലയായി തെരഞ്ഞെടുത്ത കാസർകോടിനും, മികച്ച ഇന്നവേറ്റീവ് വോട്ടർ അവയർനെസ് ഇനിഷ്യേറ്റീവ് അവാർഡ് നേടിയ വയനാടിനും പുരസ്കാരം ലഭിച്ചിട്ടുണ്ട്.

✪✪✪

നാളത്തെ റിപ്പബ്ലിക് ദിനത്തിന്റെയും ഇന്നത്തെ ദേശീയ വോട്ടേഴ്സ് ദിനത്തിന്റെയും പ്രാധാന്യം ഓർമ്മിപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 2026ലെ ആദ്യ ആകാശവാണി മൻ കി ബാത്ത്. ഭരണഘടനാ നിർമ്മാതാക്കൾക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കാൻ ഈ ദിവസം അവസരം നൽകുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ജനാധിപത്യത്തിന്റെ ആത്മാവ് സമ്മതിദായകരാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജന്മദിനത്തിൽ ആശംസകൾ നേരുകയും ആഘോഷിക്കുകയും ചെയ്യുന്നതുപോലെ കന്നിവോട്ട് വേളയിൽ യുവജനങ്ങളെ അഭിനന്ദിക്കുകയും മധുരപലഹാരങ്ങൾ വിതരണം ചെയ്യുകയും വേണമെന്ന് അദ്ദേഹം നിർദേശിച്ചു. ഓരോ പൗരനിൽ നിന്നും ഭരണഘടന പ്രതീക്ഷിക്കുന്ന ഉത്തരവാദിത്തം നിറവേറ്റി രാജ്യത്തിന്റെ ജനാധിപത്യം സംരക്ഷിക്കാൻ പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

....PM വോയ്സ്....1.

✪✪✪

2016 ജനുവരിയിൽ ആരംഭിച്ച സ്റ്റാർട്ട് അപ്പ് ഇന്ത്യയുടെ യാത്ര ഓർമ്മിപ്പിച്ച പ്രധാനമന്ത്രി യുവതലമുറ കൊണ്ടുവന്ന നൂതനാശയങ്ങൾ ചരിത്രത്തിൽ ഇടം പിടിക്കുന്നതായി വിലയിരുത്തി. ഇന്ന് ഭാരതം ലോകത്ത് മൂന്നാമത്തെ സ്റ്റാർട്ട് അപ്പ് ഇക്കോ സിസ്റ്റമായി മാറിക്കഴിഞ്ഞു. AI, ബഹിരാകാശം, ആണവോർജ്ജം, സെമി കണ്ടക്ടർ, മൊബിലിറ്റി, ഹരിത ഹൈഡ്രജൻ, ബയോടെക്നോളജി മേഖലകളിൽ സ്റ്റാർട്ട് അപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ യുവ സുഹൃത്തുക്കളെയും അദ്ദേഹം അഭിവാദ്യം ചെയ്തു. ഗുണനിലവാരത്തിൽ ഊന്നൽ നൽകി സ്റ്റാർട്ട് അപ്പുകൾ ഉത്തരവാദിത്തം നിറവേറ്റണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. സീറോ ഡിഫക്ട്- സീറോ ഇഫക്ട് എന്ന ദൃഢനിശ്ചയം പിന്തുടരണം.

.....PM വോയ്സ് - 2.......

✪✪✪

നൂതനാശയങ്ങൾ സമൂഹത്തിന്റെ കൂട്ടായ ശ്രമങ്ങളിലൂടെ നേടിയെടുത്ത UP, അസംഗഡിലെ 'തമസാ' നദിക്ക് പുതുജീവൻ പകർന്ന അനുഭവം അദ്ദേഹം മൻ കി ബാത്തിൽ പങ്കുവെച്ചു.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്.......

ഉത്തർപ്രദേശിൽ മലിനീകരണം മൂലം ഒഴുക്ക് നിലച്ച തമസാ നദിയെ വൃത്തിയാക്കി പുതുജീവൻ നൽകുന്ന ക്യാമ്പയിൽ വിജയത്തിലെത്തിയതായി പ്രധാനമന്ത്രി പറഞ്ഞു. ആന്ധ്രാപ്രദേശിലെ അനന്തപുരിലും ഗവൺമെന്റ് പിന്തുണയോടെ നടപ്പാക്കിയ 'അനന്തനീര് സംരക്ഷണ പദ്ധതി' പത്തിലേറെ ജലാശയങ്ങൾക്ക് പുതുജീവൻ നൽകിയതും അദ്ദേഹം ഉദാഹരിച്ചു.

രാജ്യത്തെങ്ങും യുവാക്കൾ അനുഭവങ്ങളും ജീവിത ശൈലിയും ഭക്തിനിർഭരമാക്കുന്ന പ്രവണത അത്ഭുതപ്പെടുത്തുന്നതാണ്. ഭജൻ ക്ലബ്ബിംഗ് എന്ന താളബദ്ധമായ ഭജനകളുടെ പ്രതിധ്വനി ഇത്തരം സദസ്സുകളിൽ ഉയരുന്നതായി നരേന്ദ്രമോദി പറഞ്ഞു. പ്രത്യേകിച്ച് ജെൻ-C തലമുറയിൽ ഇതിന് വലിയപ്രചാരം ലഭിച്ചിട്ടുണ്ട്. വേദി ആധുനികമായാലും ഈണം വ്യത്യസ്തമായാലും ആദ്ധ്യാത്മികതയുടെ നിതാന്തമായ ഒഴുക്ക് അവിടെ അനുഭവപ്പെടുന്നു.

ഭാരതത്തിന്റെ ഉത്സവങ്ങൾ മലേഷ്യ ഉൾപ്പെടെ രാജ്യങ്ങളിൽ ആവേശത്തോടെയും സന്തോഷത്തോടെയും ആഘോഷിക്കപ്പെടുകയാണ്. മലേഷ്യയിലെ ഭാരതീയ സമൂഹം 500ലേറെ തമിഴ് സ്കൂളുകളും തെലുങ്ക്, പഞ്ചാബി ഭാഷാ പഠനവും നടത്തിവരുന്നുണ്ട്. മലേഷ്യ-ഇന്ത്യ ഹെറിറ്റേജ് സൊസൈറ്റിക്ക് ഇരു രാജ്യങ്ങൾക്കുമിടയിലെ ചരിത്രസാംസ്കാരിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിലെ പങ്ക് പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

✪✪✪

വിശാലമായ സാമൂഹ്യ അടുക്കള വഴി ഗുജറാത്തിലെ ചന്ദനകി ഗ്രാമത്തിൽ വീടുകളിലെ പാചകം ഒഴിവാക്കിയിരിക്കുകയാണ്. 15 വർഷമായി തുടരുന്ന ഈ സമൂഹ ഭക്ഷണ പരിപാടി ആളുകളെ പരസ്പരം ബന്ധിപ്പിക്കുകയും കുടുംബം എന്ന സങ്കൽപം പോഷിപ്പിക്കുകയും ചെയ്യുന്നു. ഭാരതത്തിലെ കുടുംബവ്യവസ്ഥ പല ലോകരാജ്യങ്ങളും കൗതുകത്തോടെ കാണുകയും അനുകരിക്കുകയും ചെയ്യുന്ന അനുഭവവും പ്രധാനമന്ത്രി എടുത്തുകാണിച്ചു.

..... PM വോയ്സ് -3.....

✪✪✪

ജമ്മു കശ്മീരിൽ അനന്തനാഗിലെ ഷെയ്ഖ് ഗുണ്ട് ഗ്രാമത്തിൽ മദ്യത്തിനും പുകയിലക്കും മയക്കുമരുന്നുകൾക്കുമെതിരെ മീർജാഫിർ എന്ന വ്യക്തി തുടങ്ങിവെച്ച ദൗത്യം വിജയത്തിലെത്തുകയും പുകയില ഉത്പന്നങ്ങളുടെ വില്പനയടക്കം അവിടെ ഇല്ലായ്മ ചെയ്തതായും പ്രധാനമന്ത്രി പറഞ്ഞു.

യുവതലമുറ ചുറ്റുപാടുകളുടെ ശുചിത്വത്തെ കുറിച്ച് തികച്ചും ബോധവാന്മാരാണെന്ന് ഇറ്റാനഗർ, നാഹർ ലഗുൺ, ഡോയിമുഖ്, സെപ, പാലിൻ, പാസിഘട്ട്, എന്നിവിടങ്ങളിൽ നടപ്പാക്കിയ ക്യാമ്പയിൻ പരാമർശിച്ച് അദ്ദേഹം പറഞ്ഞു. 1,100 ടണ്ണിലേറെ മാലിന്യങ്ങൾ സംസ്കരിക്കാൻ യുവാക്കൾക്ക് കഴിഞ്ഞു. അസമിലെ നാഗാവ് നഗരത്തിൽ തെരുവുമാലിന്യങ്ങൾ നീക്കം ചെയ്യുന്ന ദൗത്യവും ബംഗലൂരുവിലെ സോഫാ വെയ്സ്റ്റ് നീക്കം ചെയ്യലും മറ്റ് ഉദാഹരണങ്ങളാണ്. ചെന്നൈയിലെ ലാൻഡ് ഫിൽ മാലിന്യം പുനരുപയോഗ്യമാക്കുന്ന സംഘത്തിന്റെ പ്രവർത്തനവും പ്രധാനമന്ത്രി ജനശ്രദ്ധയിൽ പെടുത്തി.

പരിസ്ഥിതി സംരക്ഷണത്തിൽ ഒരു വ്യക്തിയിൽ നിന്ന് ആരംഭിക്കുന്ന മാറ്റങ്ങൾ സമൂഹം ഏറ്റെടുക്കുന്ന അനുഭവവും അദ്ദേഹം പങ്കുവെച്ചു. പശ്ചിമബംഗാൾ, കൂച്ച് ബിഹാറിലെ ബെനോയ് ദാസിന്റെയും മധ്യപ്രദേശ് പന്ന ജില്ലയിലെ ജഗദീഷ് പ്രസാദ് അഹിർവാറിന്റെ പ്രവർത്തനങ്ങളും ഇതിന് തെളിവാണ്. 'ഏക് പേഡ് മാം കെ നാം' ക്യാമ്പയിനിൽ രാജ്യത്ത് 200 കോടിയിലേറെ മരങ്ങൾ വെച്ചുപിടിപ്പിക്കാൻ കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു.

രാജ്യത്തെ ജനങ്ങൾ ചെറുധാന്യങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനെ അഭിനന്ദിച്ച പ്രധാനമന്ത്രി തമിഴ്നാട് കല്ലക്കുറിച്ചിയിലെ 800 ഓളം വനിതാ കർഷകരുടെ 'പെരിയ പാളയം മില്ലറ്റ്' സംഘം രൂപീകരിച്ചതും എടുത്തുപറഞ്ഞു. രാജസ്ഥാനിലെ റാംസർ ഓർഗാനിക് ഫാർമർ പ്രൊഡ്യൂസർ കമ്പനി ബജ്റ സംസ്കരിച്ച് റെഡി ടു ഈറ്റ് ലെഡു തയ്യാറാക്കുന്നുണ്ട്. പല ക്ഷേത്രങ്ങളും ചെറുധാന്യങ്ങൾ പ്രസാദമായും നൽകി വരുന്നു. ഇത്തരം ധാന്യങ്ങൾ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും ആരോഗ്യം ഉറപ്പാക്കുകയും ചെയ്യുന്നു. ചെറുധാന്യങ്ങൾ ഭക്ഷണത്തിൽ കൂടുതലായി ഉൾപ്പെടുത്തണമെന്ന് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

അടുത്തമാസം നടത്താനിരിക്കുന്ന ഇന്ത്യ- AI ഇംപാക്ട് സമ്മിറ്റിൽ പങ്കെടുക്കാൻ ലോകരാജ്യങ്ങളിൽ നിന്ന് ഒട്ടേറെ വിദഗ്ധർ എത്തിച്ചേരുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഈ സമ്മേളനം ഭാരതത്തിന്റെ AI രംഗത്തെ പുരോഗതിയും നേട്ടങ്ങളും ഉയർത്തിക്കാട്ടുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

77-ാം റിപ്പബ്ലിക്ദിന, തലേന്നാളായ ഇന്ന്, വൈകിട്ട് ഏഴിന് രാഷ്ട്രപതി ദ്രൗപതിമുർമു രാജ്യത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെയും, ദൂരദർശന്റെയും മുഴുവൻ ശൃംഖലയിലും രാഷ്ട്രപതിയുടെ പ്രസംഗം ആദ്യം ഹിന്ദിയിലും, തുടർന്ന് ഇംഗ്ലീഷിലും പ്രക്ഷേപണം ചെയ്യും. ആകാശവാണി നിലയങ്ങൾ ഇതിന്റെ പ്രാദേശിക പരിഭാഷ രാത്രി 9-30 ന് പ്രക്ഷേപണം ചെയ്യും. ദൂരദർശനിൽ അഭിസംബോധനയ്ക്കു പിന്നാലെ പരിഭാഷ സംപ്രേഷണം ചെയ്യും.

നാളെ കർത്തവ്യപഥിലെ റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും.

റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നും, യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അൻറോണിയോ കോസ്റ്റയും പങ്കെടുക്കും.

✪✪✪

റിപ്പബ്ലിക് ദിനത്തോട് അനുബന്ധിച്ച് പൊലീസ്, അഗ്നിശമന സേന, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, ജയിൽ വകുപ്പുകളിലെ 982 ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതിയുടെ ധീരത അവാർഡുകളും സർവീസ് മെഡലുകളും പ്രഖ്യാപിച്ചു. 125 പേർക്കാണ് ധീരതാ പുരസ്കാരം. 101 പേർക്ക് സർവീസ് മെഡലുകൾ സമ്മാനിക്കും.

✪✪✪

റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ  നാളെ രാവിലെ 9 ന് ഗവർണർ രാജേന്ദ്രവിശ്വനാഥ ആർലേക്കർ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ദേശീയപതാക ഉയർത്തും. വിവിധ സേനാ വിഭാഗങ്ങളുടെ അഭിവാദ്യം സ്വീകരിക്കുന്ന ഗവർണർ റിപ്പബ്ലിക് ദിന സന്ദേശവും നൽകും. ജില്ലകളിൽ മന്ത്രിമാരാണ് ദേശീയ പതാക ഉയർത്തുന്നത്.

✪✪✪

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് നാളെ  രാവിലെ നിയമസഭാ സമുച്ചയത്തിലെ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ഡോ. BR. അംബേദ്കർ, KR.നാരായണൻ എന്നിവരുടെ പ്രതിമകളിൽ നിയമസഭാ സ്പീക്കർ  AN ഷംസീർ പുഷ്പാർച്ചന നടത്തും. ദേശീയ പതാക ഉയർത്തിയ ശേഷം, സ്പീക്കർ വാച്ച് ആന്റ് വാർഡ് സേനയുടെ ഗാർഡ് ഓഫ് ഓണർ സ്വീകരിക്കും.

✪✪✪

ദേശീയ സമ്മതിദായകദിനത്തിൽ കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ പുതുച്ചേരിയിലെ കാരയ്ക്കലിൽ "സൺഡേയ്സ് ഓൺ സൈക്കിൾ" സൈക്കിൾ റാലി സംഘടിപ്പിച്ചു. കേന്ദ്ര മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ റാലിക്ക് നേതൃത്വം നൽകി.

✪✪✪

2024-ലെ കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും. വൈകിട്ട് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിലെ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡുകൾ വിതരണം ചെയ്യും. കേരള ഗവൺമെന്റിന്റെ  പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ.സി ഡാനിയേൽ പുരസ്കാരം നടി ശാരദ, മുഖ്യമന്ത്രിയിൽനിന്ന് ഏറ്റുവാങ്ങും.

✪✪✪

സംസ്ഥാനത്ത് ജനങ്ങളിൽ ഭരണവിരുദ്ധ വികാരമില്ലെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. പ്രതിപക്ഷവും മാധ്യമങ്ങളും പുകമറ സൃഷ്ടിക്കുകയാണെന്നും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രചാരണം നടത്തുകയാണെന്നും  അദ്ദേഹം തിരുവനന്തപുരം AKG സെന്ററിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് കാസർകോട് ജില്ലാ സമ്മേളനം കാഞ്ഞങ്ങാട് മടിക്കൈ കാലിച്ചാംപൊതിയിൽ ആരംഭിച്ചു.

കേന്ദ്ര സർവകലാശാല സ്കൂൾ ഓഫ് മെഡിസിനിലെ ഡീൻ പ്രൊഫ. മാത്യു ജോർജ് ഉദ്ഘാടനം ചെയ്തു.

നാളെ വൈകിട്ട് പുതിയ ജില്ലാ നിർവാഹക സമിതിയെ തിരഞ്ഞെടുക്കും.

✪✪✪

കേരള സംഗീത നാടക അക്കാദമിയുടെ പതിനാറാമത് അന്താരാഷ്ട്ര നാടകോത്സവത്തിന് തൃശൂരിൽ ഇന്ന് തുടക്കമാകും. ഉച്ചകഴിഞ്ഞ് തോപ്പിൽഭാസി ബ്ലാക്ക്ബോക്സ് തിയേറ്ററിൽ അർജന്റീനിയൻ നാടകം 'ഫ്രാങ്കെൻസ്റ്റൈൻ പ്രൊജക്ട് ' അരങ്ങേറും. വൈകീട്ട് അക്കാദമി അങ്കണത്തിൽ മന്ത്രി K.രാജൻ നാടകോത്സവം ഉദ്ഘാടനം ചെയ്യും.

✪✪✪

ഇന്ത്യ-ന്യൂസിലാന്റ് മൂന്നാം ട്വന്റി-20 ക്രിക്കറ്റ് മത്സരം ഇന്ന് ഗോഹട്ടിയിൽ. വൈകിട്ട് ഏഴിന് ബർസപാഡ ACA സ്റ്റേഡിയത്തിലാണ് മത്സരം. അഞ്ചുമത്സര പരമ്പരയിൽ രണ്ടെണ്ണം ജയിച്ച് ഇന്ത്യ മുന്നിട്ടുനിൽക്കുകയാണ്.

✪✪✪

തിരുനാവായ മഹാമാഘ മഹോത്സവത്തിന്റെ ഭാഗമായി, ഇന്ത്യൻ യോഗ അസോസിയേഷന്റെ നേതൃത്വത്തിൽ 1008 യോഗികളുടെ 108 സൂര്യനമസ്കാരം വൈകിട്ട് സംഘടിപ്പിക്കും. നിളാനദിയിലെ ആരതി ഘാട്ടിലെ ചടങ്ങിൽ, സംസ്ഥാനത്തെ യോഗ സ്കൂളുകളിലെ വിദ്യാർത്ഥികളും പങ്കെടുക്കും.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ, രജിന കെ, ശ്രീജി*
*DEO : സി കെ സുബോധ്*